# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5126 — 15/11/2019-ൽ മറുപടിയ്ക്ക്

### തദ്ദേശസ്ഥാപനങ്ങളുടെ ഹാളുകൾക്ക് വാടക ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | മുതിർന്ന പൗരന്മാരുടെ സംഘടനകൾ നടത്തുന്ന പൊതുപരിപാടികൾക്ക് തദ്ദേശസ്ഥാപനങ്ങളുടെ ഹാളുകൾ 50 ശതമാനം വാടക ഇളവോടെ അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) & ബി) | രാഷ്ട്രീയ പരിപാടികൾ അല്ലാതെയുള്ള മുതിർന്ന പൗരൻമാരുടെ സംഘടനകളുടെ പരിപാടികൾക്ക് തദ്ദേശസ്ഥാപനങ്ങളുടെ ഹാളുകൾ വാടകയ്ക്ക് നൽകുമ്പോൾ 50% വരെ കുറഞ്ഞ നിരക്കിൽ വാടക ഇളവ് അനുവദിക്കുവാൻ 23.09.2019 ലെ 307/ഡിബി.2/18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) | മുതിർന്ന പൗരന്മാരുടെ സംഘടനകൾ നടത്തുന്ന രാഷ്ട്രീയ പരിപാടികൾക്കും പ്രസ്തുത ഇളവ് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

നം. 307/ഡി.ബി.2/18/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 23.09.2019

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള കോൺഫറൻസ് ഹാളുകളിൽ - മുതിർന്ന പൗരൻമാർക്ക് സംഘടനാ പരിപാടികൾ നടത്തുന്നതിന് ഇളവ് അനുവദിക്കുന്നത് നിർദ്ദേശങ്ങൾ-പുറപ്പെടുവിക്കുന്നു

സൂചന:- 1) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2016-19) മുമ്പാകെ വയോജനക്ഷേമത്തിനായി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ എറണാകുളം ജില്ലാ സെക്രട്ടറി സമർപ്പിച്ച നിവേദനം
2) പഞ്ചായത്ത് ഡയറക്ടറുടെ 19/03/2019 ലെ ജെ3/24483/2018 നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 31/05/2019 ലെ ജി2/6955/2019 നമ്പർ കത്ത്.

***************

രാഷ്ട്രീയ പരിപാടികൾ അല്ലാതെയുള്ള മുതിർന്ന പൗരന്മാരുടെ സംഘടനാ പരിപാടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോൺഫറൻസ് ഹാളുകൾ കുറഞ്ഞനിരക്കിൽ അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

രാഷ്ട്രീയ പരിപാടികൾ അല്ലാതെയുള്ള മുതിർന്ന പൗരന്മാരുടെ സംഘടനാ പരിപാടികൾക്ക് തദ്ദശ സ്വയംഭരണ സ്ഥാപനങ്ങളുടെ കോൺഫറൻസ് ഹാളുകൾ വാടകയ്ക്ക് നല്കുമ്പോൾ 50% വരെ കുറഞ്ഞനിരക്കിൽ വാടക ഇളവ് അനുവദിക്കേണ്ടതാണ്. ഇപ്രകാരം ഇളവ് അനുവദിക്കുന്നത് കാരണം ഹാളുകളുടെ ദുരുപയോഗം സംഭവിക്കുന്നത് തടയുന്നതിന് വേണ്ട നടപടികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിയ്ക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ/നഗരസഭാ സെക്രട്ടറിമാർക്കും(നഗരകാര്യഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമ വികസനകമ്മീഷണർ മുഖാന്തിരം))
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/307/19/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.